"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ്- ജീവനക്കാര്യം- സമാശ്വാസ തൊഴിൽദാന പദ്ധതി- തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ എസ്.എൽ.ആർ. തസ്തികയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ പ്രബലചന്ദ്രൻ നായർ ജി. യുടെ മകൻ ശ്രീ അരവിന്ദ് പി , ലാസ്കർ ഗ്രേഡ് II തസ്തികയിൽ നിയമനത്തിനായി അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം പരിഹരിച്ചുകൊണ്ട് ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി ) വകുപ്പ്**

സ.ഉ.(കൈ) നം.3/2025/SPD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:-
1. 24/05/1999 തീയതിയിലെ സ.ഉ.(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 27/05/2017 ലെ സ.ഉ(കൈ )നം.13/2017/ഉ.ഭ.പ.വ.നമ്പർ ഉത്തരവ്.
3. ശ്രീ അരവിന്ദ് പി സമർപ്പിച്ച 14/11/2019 തീയതിയിലെയും 29.07.2024 തീയതിയിലെയും അപേക്ഷകൾ.
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 17/03/2020 തീയതിയിലെ 4551/2020/ഇ 3/ഡി പി നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13/01/2022 തീയതിയിലെ DCTVM/4821/2020 -S6 നമ്പർ കത്ത്.
6. അച്ചടി വകുപ്പ് ഡയറക്ടറുടെ 05/03/2022, 12/09/2024 തീയതികളിലെ PTGD /151/2022 ഇ 3 നമ്പർ കത്തുകൾ .

**<u>ഉത്തരവ്</u>**

അച്ചടി വകുപ്പിൽ തിരുവനന്തപുരം ഗവ സെൻട്രൽ പ്രസ്സിൽ എസ്.എൽ.ആർ. (സീസണൽ ലേബർ റോൾ) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന പ്രബലചന്ദ്രൻ നായർ ജി. 08/05/2017 ൽ മരണമടഞ്ഞിട്ടുള്ളതിനാൽ, ടിയാളുടെ മകനായ ശ്രീ അരവിന്ദ് പി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തു സമർപ്പിക്കുകയും ചെയ്തു.

2. ശ്രീ അരവിന്ദ് പി. യുടെ ജനന തീയതി09/12/2000 ആണ്. ടിയാൻ എസ്.എസ്.എൽ.സി. വിജയിച്ചിട്ടുണ്ട്. ടിയാൾ ക്ലറിക്കൽ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി 14.11.2019 ആണ്. സാധുവായ തീയതി സംരക്ഷണ സമ്മതപത്രത്തിന്റെ

തീയതിയായ 28.10.2021 ആണ്. മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർ ആരുംതന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും, അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരാവകാശ സാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രം നൽകിയിട്ടുണ്ടെന്നും പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് ജോലി ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് പരാമർശം 5 പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. അച്ചടിവകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനങ്ങൾ കുറവായതിനാൽ നിയമനത്തിനായി അനുമതി നൽകിയവർക്കും നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ലെന്നും ക്ലറിക്കൽ തസ്തികയിലെ നിയമനത്തിന് കാലതാമസം വരുമെന്നതിനാൽ അച്ചടിവകുപ്പിൽ ലാസ്കർ തസ്തികയിലെ നിയമനത്തിന് ടിയാൻ അപേക്ഷ/സമ്മതപത്രം നൽകിയിട്ടുണ്ടെന്നും അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ലാസ്കർ തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടെന്നും, ആശ്രിത നിയമനത്തിനുള്ള രണ്ടാം ഗ്രേഡ് ലാസ്കർ തസ്കതികയിലേയ്ക്കുള്ള അപേക്ഷകരിൽ , ശ്രീ. അരവിന്ദ് പി മൂന്നാമത്തെ അപേക്ഷകനാണെന്നും അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

4. പരാമർശം (1) പ്രകാരം സർവ്വീസിലുള്ള ജീവനക്കാരുടെ മരണശേഷം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ ടി ജീവനക്കാർ മരണമടഞ്ഞ തീയതി മുതൽ 2 വർഷത്തിനകവും മൈനറാണെങ്കിൽ പ്രായപൂർത്തിയായിക്കഴിഞ്ഞ് പ്രസ്തുത തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിലും സമർപ്പിക്കുന്ന അപേക്ഷകളാണ് ആശ്രിത നിയമനത്തിനായി പരിഗണിക്കുന്നത്.കൂടാതെ ഒരിക്കൽ അപേക്ഷിച്ച തസ്തിക മാറ്റി നൽകുന്നതിനും ഇതേ കാലയളവാണ് നിഷ്കർഷിച്ചിട്ടുള്ളത്. ശ്രീ അരവിന്ദ് പി. ആശ്രിതനിയമനത്തിനായി 28.10.2021 തീയതിയിൽ സാധുതയുള്ള അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും അപേക്ഷിച്ച എൽ.ഡി ക്ലർക്ക് തസ്തികയിൽ ആവശ്യമായ ഒഴിവുകളില്ലാതിരുന്നതിനാൽ, ലാസ്കർ തസ്തികയിലെ നിയമനത്തിനായി 29.07.2024 തീയതിയിൽ തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചു. ഇപ്രകാരം തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിൽ 2വർഷം, 7മാസം, 21ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടിവകുപ്പ് തിരുവനന്തപുരം ഗവ.സെൻട്രൽ പ്രസ്സിൽ എസ്.എൽ.ആർ. തസ്തികയിൽ സേവനത്തിലിരിക്കെ, 08.05.2017 തീയതിയിൽ മരണമടഞ്ഞ പ്രഫുലചന്ദ്രൻ നായർ ജി.യുടെ മകനായ ശ്രീ അരവിന്ദ് പി. , ലാസ്കർ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം ടിയാളുടെ വീഴ്ച കൊണ്ട് സംഭവിച്ചതല്ലെന്ന വസ്തുത പരിഗണിച്ച് , ആയത് പരിഹരിച്ചു നൽകിക്കൊണ്ടും, അപ്രകാരം ശ്രീ അരവിന്ദ് പി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം , അച്ചടി വകുപ്പിൽ , തിരുവനന്തപുരം ജില്ലയിൽ, ലാസ്കർ ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് (വർഷാവർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5% ഒഴിവുകൾ ആശ്രിതനിയമനത്തിനായി മാറ്റിവെയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും ആശ്രിതനിയമനത്തിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ / സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിലും) നിലവിലെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

6. ശ്രീ അരവിന്ദ് പി യുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ശാരീരികക്ഷമത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും, രേഖകളുടെയും വിശ്വാസ്യത ഉറപ്പ് വരുത്തി നിയമനാധികാരി നിയമന ഉത്തരവ് നൽകേണ്ടതും, നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി അപേക്ഷകന്റെ സ്വഭാവവും മുൻനടപ്പും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ഏതെങ്കിലും കാരണത്താൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള ജില്ലയിൽ ആശ്രിത നിയമനം നൽകാൻ കഴിയാതെ വരുന്ന പക്ഷം പരാമർശം (1) സർക്കാർ ഉത്തരവിലെ 28, 29 എന്നീ ഖണ്ഡികകളിൽ പ്രതിപാദിക്കും പ്രകാരം ടിയാളുടെ ആനുകൂല്യങ്ങൾ സംരക്ഷിച്ച് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്തെടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

8. ശ്രീ അരവിന്ദ് പി.യുടെ ആശ്രിതനിയമനം സംബന്ധിച്ച വിവരങ്ങൾ മരണമടഞ്ഞ പ്രഭുല ചന്ദ്രൻ നായർ ജി. യുടെ സേവന പുസ്തകത്തിലും അദ്ദേഹം അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും ആവശ്യമായ രേഖപെടുത്തലുകൾ വരുത്തേണ്ടതാണ്. അപേക്ഷകൻ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ, അപേക്ഷ സമർപ്പിക്കുന്ന വേളയിലോ വകുപ്പുതല, അന്വേഷണം നടത്തുന്ന സമയത്തോ സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് ബോധ്യമാകുന്ന പക്ഷമോ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ ,അച്ചടി വകുപ്പ്,തിരുവനന്തപുരം
2. ശ്രീ അരവിന്ദ് പി,കാർത്തിക ഭവൻ, അമ്പല ജംഗ്ഷൻ,വിളപ്പിൽശാല (PO), തിരുവനന്തപുരം.
3. ജില്ലാ കളക്ടർ ,തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള,തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II) കേരള,തിരുവനന്തപുരം
7. പൊതു ഭരണ (എസ് സി ) വകുപ്പ് (ഇനം നം :2690 ,തീയതി 12-02-2025)
8. ഇൻഫർമേഷൻ ഓഫീസർ (വെബ് ആൻഡ് ന്യൂ മീഡിയ ),ഐ &പി ആർ .ഡി
9. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Seetha K M
Date: 15-02-2025 11:41:36
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 12-02-2025**

ഫയൽ നം. എസ്.പി.ഡി.-സി3/26/2024/എസ്.പി.ഡി. ഇനം നം: 2690

വിഷയം : സ്റ്റോർസ് പർച്ചേസ് വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിതനിയമനം - തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം പരിഹരിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

13/2/25

(ശരിപ്പകർപ്പ്)

Sarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്.

2690

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

***മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്***

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എസ്.പി.ഡി–സി3/26/2024–എസ്.പി.ഡി |
| 2 | വകുപ്പ് | സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് |
| 3. | വിഷയം | സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള ആശ്രിതനിയമനം – തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം പരിഹരിച്ചു നൽകുന്നതു സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.12.2024 |
| 5. | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br>(II) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. സ്മിത എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.12.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 06.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 12.02.2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്. | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

അച്ചടി വകുപ്പ് തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ എസ്.എൽ.ആർ (സീസണൽ ലേബർ റോൾ) തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 08/05/2017 ൽ മരണമടഞ്ഞ പ്രഫുലചന്ദ്രൻ നായർ ജി.-യുടെ മകനായ ശ്രീ. അരവിന്ദ് പി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ നൽകിയിരുന്ന ക്ലർക്ക് തസ്തികയിൽ നിന്നും ലാസ്കർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചുനൽകുന്നതു സംബന്ധിച്ചാണീ കുറിപ്പ്.

2) ശ്രീ. അരവിന്ദ് പി. ക്ലർക്ക് തസ്തികയിലേയ്ക്ക് 14.11.2019 തീയതിയായി അപേക്ഷ സമർപ്പിക്കുകയും ആയത് അച്ചടിവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തു നൽകുകയും ചെയ്തിരുന്നു. ടി അപേക്ഷയും അനുബന്ധ രേഖകളും ജില്ലാകളക്ടർക്ക് നൽകുകയും ജില്ലാകളക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

3) ശ്രീ. അരവിന്ദ് എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്ക് നിയമനത്തിനായി നൽകിയിരുന്ന അപേക്ഷയോടൊപ്പം അനുബന്ധം ബി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (ജനനത്തീയതി 09/12/2000, അപേക്ഷകൻ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിട്ടുണ്ട്), വരുമാന സർട്ടിഫിക്കറ്റ് (കുടുംബവാർഷിക വരുമാനം 2,24,028/-രൂപയാണ്), പ്രഫുലചന്ദ്രൻ നായരുടെ സർവ്വീസ് സർട്ടിഫിക്കറ്റ് (മരണമടഞ്ഞ പ്രഫുലചന്ദ്രൻ നായർ ജി. യുടെ ജനനത്തീയതി 01.07.1963 ആണ്. 01.03.2006 ൽ ജോലിയിൽ പ്രവേശിക്കുകയും 08.05.2017 തീയതിയിൽ മരണമടയുകയും ചെയ്തിട്ടുള്ള ടിയാളുടെ സേവനകാലം 11 വർഷം 02 മാസം 07 ദിവസം ആണ്.), മരണ സാക്ഷ്യ പത്രം, അനന്തരാവകാശ സാക്ഷ്യപത്രം, പ്രഫുലചന്ദ്രൻ നായരുടെ അനന്തരാവകാശികളായ മാതാവിന്റെയും ഭാര്യയുടെയും സമ്മതപത്രങ്ങൾ, അപേക്ഷകന്റെ സത്യപ്രസ്താവന, ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, അവകാശികളുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ സംരക്ഷണ സമ്മതമൊഴി എന്നീ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. 24.05.1999 ലെ സ.ഉ.(പി)12/99/പി&എ.ആർ.ഡി ഉത്തരവിലെ നിബന്ധനകൾ പ്രകാരം ശ്രീ. അരവിന്ദ് പി യ്ക്ക് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നുവെന്നും ടിയാൾ ക്ലറിക്കൽ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി 14/11/2019 ആണെങ്കിലും സാധുവായ തീയതി സംരക്ഷണ സമ്മതപത്രം സമർപ്പിച്ച തീയതിയായ 28/10/2021 ആണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

4) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന എസ്.എൽ.ആർ ജീവനക്കാരുടെ ആശ്രിതരെക്കൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് ഉൾപ്പെടുത്തിക്കൊണ്ട് 27/05/2017 ലെ സ.ഉ.(കൈ)നം.13/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രഫുലചന്ദ്രൻ നായർ ജി. 08/05/2017 തീയതിയിൽ

മരണമടഞ്ഞതിനാൽ ടി ഉത്തരവ്പ്രകാരമുള്ള ആനുകൂല്യം ശ്രീ. അരവിന്ദ് പി. യ്ക്ക് ബാധകമാണോ എന്നതിൽ **ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം** ആരായുകയും ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം നൽകുകയും ചെയ്തിട്ടുണ്ട്.

> ***"24.05.1999 ലെ സ.ഉ.(പി)നം.12/1999/ഉ.ഭ.പ.വ നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4-ൽ Government Servant എന്നതിന്റെ നിർവചനത്തിൽ Seasonal Employees under various Government Department എന്നുള്ളതിനാൽ സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന എസ്.എൽ.ആർ ജീവനക്കാരുടെ ആശ്രിതരെ കൂടി ഉൾപ്പെടുത്തി 27/05/2017 ലെ സ.ഉ. (കൈ) നം. 13/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.***
>
> ***നിലവിലുണ്ടായിരുന്ന സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ എസ്.എൽ.ആർ. (Seasonal Labour Roll) വിഭാഗത്തിൽപെടുന്ന ജീവനക്കാരെക്കൂടി ഉൾപ്പെടുത്തിയതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് പരിഗണനയിലുണ്ടായിരുന്ന അപേക്ഷകൾക്കും ടി ഉത്തരവ് ബാധകമാണ്. ശ്രീ. പി. അരവിന്ദ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 14/11/2019-ൽ ആണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ശ്രീ. പി. അരവിന്ദിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ പരിഗണിക്കാം എന്ന വസ്തുത ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്".***

5) അച്ചടി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനങ്ങൾ കുറവായതിനാൽ നിയമനത്തിനായി അനുമതി നൽകിയവർക്കും നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ലെന്ന് അച്ചടിവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതുപ്രകാരം ശ്രീ. അരവിന്ദ് പി.-യ്ക്ക് നിയമനം നൽകുവാൻ ഒഴിവില്ലാത്ത പക്ഷം 24/05/1999-ലെ സ.ഉ.(അ)നം. 12/99/പി&എആർഡി ഉത്തരവിലെ ഖണ്ഡിക 30, 31, 32, 33 പ്രകാരം ശ്രീ. അരവിന്ദ് പി.-യെ മറ്റ് വകുപ്പുകളിലെ ക്ലാസ് III/ക്ലാസ് IV തസ്തികകളിലേയ്ക്ക് പരിഗണിക്കേണ്ടതുണ്ടെങ്കിൽ, ടിയാളുടെ അപേക്ഷ പൊതുഭരണ(എംപ്ലോയ്മെന്റ് സെൽ) വകുപ്പിലേയ്ക്ക് കൈമാറുന്നതിനായി അപേക്ഷകന്റെ സമ്മതപത്രം നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. ക്ലറിക്കൽ തസ്തികയിലെ നിയമനത്തിന് കാലതാമസം വരുമെന്നതിനാൽ അച്ചടി വകുപ്പിൽ ലാസ്കർ തസ്തികയിലെ നിയമനത്തിന് ടിയാൻ 29/07/2024 തീയതിയായി അപേക്ഷ നൽകിയിട്ടുണ്ടെന്നും അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ലാസ്കർ തസ്തികയിൽ നിലവിൽ 15 ഒഴിവുകളുണ്ടെന്നും, ആയതിൽ 14 ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ആശ്രിത നിയമനത്തിന് രണ്ടാം ഗ്രേഡ് ലാസ്കർ തസ്തികയിലേയ്ക്കുള്ള അപേക്ഷകരിൽ ശ്രീ. അരവിന്ദ് പി മൂന്നാമത്തെ അപേക്ഷകനാണെന്ന് അച്ചടി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) 24.05.1999 ലെ G.O.(P) 12/99/P&ARD ഖണ്ഡിക 19 പ്രകാരം സർവ്വീസിലുള്ള ജീവനക്കാരുടെ മരണശേഷം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ ടി ജീവനക്കാർ മരണമടഞ്ഞ തീയതി മുതൽ 2 വർഷത്തിനകവും മൈനറാണെങ്കിൽ പ്രായപൂർത്തിയായിക്കഴിഞ്ഞ് പ്രസ്തുത തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകളാണ് ആശ്രിത നിയമനത്തിനായി പരിഗണിക്കുന്നത്. കൂടാതെ ഖണ്ഡിക 25 പ്രകാരം ഒരിക്കൽ അപേക്ഷിച്ച തസ്തിക മാറ്റിനൽകുന്നതിനും ഇതേ കാലയളവാണ് നിഷ്കർഷിച്ചിട്ടുള്ളത്.

7) 08.05.2017 ന് പ്രഫുലചന്ദ്രൻ നായർ മരണമടയുമ്പോൾ 09.12.2000 ന് ജനിച്ച അപേക്ഷകന് പ്രായപൂർത്തിയായിട്ടുണ്ടായിരുന്നില്ല. ആശ്രിതനിയമന വ്യവസ്ഥപ്രകാരം അപേക്ഷകൻ മൈനറാണെങ്കിൽ പ്രായപൂർത്തിയായിക്കഴിഞ്ഞ് മൂന്നു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. 09.12.2018 ന് പ്രായപൂർത്തിയായ അപേക്ഷകന് ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് - 08.12.2021 വരെ സമയപരിധിയുണ്ടായിരുന്നു. 28.10.2021 ന് സാധുതയുള്ള അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും അപേക്ഷിച്ച എൽ.ഡി ക്ലർക്ക് തസ്തികയിൽ ആവശ്യമായ ഒഴിവുകളില്ലാത്തതിനാൽ 29.07.2024 ന് ലാസ്കർ തസ്തികയിലെ നിയമനത്തിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചിരുന്നു. തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷം, 7 മാസം, 21 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

8) 07.04.2022 ലെ ഉപ.സി2/88/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് രണ്ടുവർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ തക്കതായ കാരണങ്ങളില്ലാതെ മന്ത്രിസഭായോഗം മുൻപാകെ കൊണ്ടുവരാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 19.01.2024 ലെ ഉപ.സി2/9/2024 സർക്കുലർ പ്രകാരം നിശ്ചിത് സമയപരിധിയ്ക്കകം അപേക്ഷ സമർപ്പിക്കുകയും, നിയമനത്തിനായി ശിപാർശ ചെയ്യുകയും എന്നാൽ ശിപാർശ ചെയ്ത തസ്തികയിൽ ആവശ്യമായ ഒഴിവുകളില്ലാത്തതിനാൽ നിയമനം നീണ്ടുപോകുകയും ചെയ്യുന്ന കേസുകളിൽ തസ്തികമാറ്റി നൽകിക്കൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം ബന്ധപ്പെട്ട വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവോട്ടുകൂടി പരിഹരിച്ചു നൽകാവുന്നതാണ്. ഈ കേസിൽ ശ്രീ. അരവിന്ദ് യഥാസമയം അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നിയമനത്തിനായി ശിപാർശ ചെയ്തിരുന്നില്ല.

9) തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷം, 7 മാസം, 21 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. കാലതാമസം അപേക്ഷകന്റെ വീഴ്ചകൊണ്ട് സംഭവിച്ചതല്ലെന്ന വസ്തുത പരിഗണിച്ച് ലാസ്കർ തസ്തികയിലേക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചുനൽകുന്ന കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

എ) അച്ചടി വകുപ്പ് തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ SLR തസ്തികയിൽ സേവനത്തിലിരിക്കെ, 08/05/2017 ൽ മരണമടഞ്ഞ പ്രഫുലചന്ദ്രൻ നായർ ജി.-യുടെ മകനായ ശ്രീ അരവിന്ദ് പി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആദ്യം അപേക്ഷിച്ച ക്ലർക്ക് തസ്തികയിൽ നിന്നും ലാസ്കർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനായി അപേക്ഷ മാറ്റി നൽകുവാനുണ്ടായ കാലതാമസം (2 വർഷം 7 മാസം 21 ദിവസം) പരിഹരിച്ചുനൽകാമോ?

ബി) അപ്രകാരം, ശ്രീ. അരവിന്ദ് പി. യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അച്ചടി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലുള്ള ലാസ്കർ ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് (വർഷാവർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5% ഒഴിവുകൾ ആശ്രിതനിയമനത്തിനായി മാറ്റിവെയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും ആശ്രിതനിയമനത്തിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിലും) നിലവിലെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകാമോ?